

# ആദായനികുതി വകുപ്പിന്റെ കടന്നുകയറ്റം അവസാനിപ്പിക്കണം


കടകംപള്ളി സുരേന്ദ്രൻ

സഹകരണം ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി


**കേ**രളത്തിലെ സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ ഉന്നയിച്ച് ബഹു. കേന്ദ്ര ധനവകുപ്പ് മന്ത്രി ശ്രീമതി നിർമ്മലാസീതാരാമനുമായും കേന്ദ്ര കൃഷി, സഹകരണ വകുപ്പ് മന്ത്രി ശ്രീ.നരേന്ദ്രസിംഗ് തോമർമായും 2019 ജൂലൈ 19-ാം തീയതി കൂടിക്കാഴ്ച നടത്തി. വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ.എ.എസ് ഉം ഈ കൂടിക്കാഴ്ചയിൽ പങ്കെടുത്തു. പ്രധാനമായും നാല് വിഷയങ്ങളാണ് ധനകാര്യവകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. സഹകരണമേഖല കഴിഞ്ഞ കുറെ നാളുകളായി ചർച്ച ചെയ്തു കൊണ്ടിരിക്കുന്ന ഇൻകം ടാക്സായിരുന്നു അതിലെ ഒന്നാമത്തെ വിഷയം.

*ഇൻകംടാക്സ് നിയമം വകുപ്പ് 80 (പി) അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് (PACS) കാലങ്ങളായി അനുവദിച്ചു വന്നിരുന്ന നികുതി ഇളവ് തുടരണം. ഇൻകം ടാക്സ് അധികൃതർ കേരളത്തിൽ PACS ലേക്ക് നടത്തുന്ന കടന്നു കയറ്റം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം. 20,000 രൂപയിൽ കൂടുതൽ PACS കളിൽ കറൻസിയായി നടത്തുന്ന നിക്ഷേപത്തിന് മുൻകാലപ്രാബല്യത്തോടെ 100 ശതമാനം പിഴ ഈടാക്കുന്നത് ഒഴിവാക്കണം. ഇവയായിരുന്നു നിവേദനത്തിലൂടെ ധനവകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്.*

ഈ വിഷയത്തോട് പ്രതികരിച്ചുകൊണ്ട് ധനകാര്യ മന്ത്രി പറഞ്ഞു,പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (PACS) സാധാരണഗതിയിൽ ഇൻകം ടാക്സ് നിയമത്തിന്റെ പരിധിയിൽ വരേണ്ടവയല്ല എന്നതാണ് എന്റെ ധാരണ. കേരളത്തിൽ ഇക്കാര്യത്തിൽ എന്ത് സംഭവിക്കുന്നു എന്നത് പരിശോധിക്കും. ഇതിനായി ബഹു. ധനമന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. 20,000 രൂപയിൽ കൂടുതൽ കറൻസിയായി നിക്ഷേപം നടത്തിയതിന് മുൻകാല പ്രാബല്യത്തോടെ പിഴ ഈടാക്കുന്ന നടപടിയും പരിശോധിക്കും. ഇക്കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾ കേരളത്തിന്റെ റസിഡൻസ് കമ്മീഷണറെ അപ്പപ്പോൾ ധരിപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

*ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ രണ്ടാമത്തെ വിഷയം നബാർഡിൽ നിന്നുള്ള കാർഷിക വായ്പയുടെ പുനർവായ്പാ പരിധി നിലവിലെ 40 ശതമാനത്തിൽ നിന്നും 60 ശതമാനമായി ഉയർത്തുകയും പലിശ 4.5 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കുകയും ചെയ്യുക. മറ്റ് ഇനത്തിലുള്ള ഹ്രസ്വകാല വായ്പാ സഹായം അടിയന്തിരമായി 2000 കോടി രൂപ നിലവിലെ പലിശ നിരക്കായ 8.55 ശതമാനത്തിൽ നിന്നും 6 ശതമാനമായി കുറച്ച് അനുവദിക്കുക. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നബാർഡിൽ നിന്നും ഒരു പ്രത്യേക വായ്പയായി കുറഞ്ഞ പലിശ നിരക്കിൽ 1000 കോടി രൂപ അനുവദിക്കുക. കാർഷിക വായ്പയുടെ ബാങ്കുകൾക്കുള്ള മൂലധന പര്യാപ്തതാ നിബന്ധന (റിസ്ക് വെയ്റ്റ് 100% എന്നത്) ഒഴിവാക്കി നൽകുക. സഹകരണ ബാങ്കുകൾക്ക് പ്രകൃതി ദുരന്തത്തിൽ നഷ്ടമായ അടിസ്ഥാനസൗകര്യങ്ങൾ പുനർ നിർമ്മിക്കുന്നതിനായി ഗ്രാന്റ് അനുവദിക്കുക. സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന് നബാർഡിലൂടെ നൽകുന്ന ദീർഘകാല വായ്പയുടെ സമയപരിധി 5 വർഷത്തിൽ നിന്നും 15 വർഷമായി ഉയർത്തുക.*

ഈ വിഷയങ്ങൾ വിശദമായി പരിശോധിച്ചതിനു ശേഷം അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമെന്നും സംസ്ഥാന സർക്കാർ നൽകുന്ന നഷ്ടം സംബന്ധിച്ച വിശദമായ റിപ്പോർട്ട്, കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് എന്നിവ പരിഗണിച്ച് സാമ്പത്തിക സഹായങ്ങൾ അനുവദിക്കുമെന്നും മന്ത്രി അറിയിച്ചു. നബാർഡു



മായി ബന്ധപ്പെട്ട ആവശ്യങ്ങൾ ഇതുമായി ചർച്ച ചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കും.

*കേരളത്തിൽ ഈ വർഷവും ആവർത്തിച്ച പ്രകൃതി ദുരന്തത്തിന്റെയും പ്രളയത്തിന്റെയും പശ്ചാത്തലത്തിൽ സഹകരണ ബാങ്കുകളിലെ കാർഷിക വായ്പയുടെ മോറട്ടോറിയം കാലാവധി ഒരു വർഷം കൂടെ ദീർഘിപ്പിക്കുക. വായ്പാ പുനഃക്രമീകരണത്തിന് (നിഷ്ക്രിയ ആസ്തി ആക്കാതെ) അനുവദിക്കുക.*

മുൻവർഷത്തെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച വായ്പാ മൊറട്ടോറിയവും വായ്പാ പുനഃക്രമീകരണവും കാലാവധി തീർന്നതിനുശേഷം ആവശ്യമെങ്കിൽ ഇക്കാര്യം പരിഗണിക്കാമെന്ന് മന്ത്രി ഉറപ്പ് നൽകി.

*മൂന്നാമത്തെ വിഷയം കേരള സഹകരണ വികസന റിസ്ക്ഫണ്ടുമായി ബന്ധപ്പെട്ടതായിരുന്നു. കേരള സഹകരണ വികസന റിസ്ക് ഫണ്ട് ബോർഡിന് മേൽ GST യും സർവ്വീസ് ടാക്സും ചുമത്തുന്നത് ഒഴിവാക്കണം. കാരണം, ഈ സ്ഥാപനം സർക്കാർ സഹകരണ നിയമപ്രകാരം രൂപീകരിച്ച് സാമ്പത്തിക ലാഭേച്ഛയില്ലാതെ ദുർബല സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും വായ്പയെടുത്ത് മരണപ്പെടുന്നവരുടേയും മാരകരോഗം ബാധിച്ച് വായ്പ തിരിച്ചടക്കാൻ കഴിയാത്തവരേയും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് പ്രവർത്തിക്കുന്നതാണ്.*

ഇത്തരം സ്ഥാപനങ്ങളുടെ മേൽ സാധാരണ ഗതിയിൽ GST യും സർവ്വീസ് ടാക്സും ചുമത്തേണ്ടതില്ല. ഇക്കാര്യം അടുത്ത GST കൗൺസിലിൽ സംസ്ഥാന ധനവകുപ്പ് മന്ത്രി മുഖാന്തിരം കൊണ്ടുവരാവുന്നതാണ് എന്നും മന്ത്രി അറിയിച്ചു.

*സഹകരണ ആശുപത്രി സംഘങ്ങളെ ഇൻകം ടാക്സ് (30%) നൽകുന്നതിൽ നിന്നും ഒഴിവാക്കണം എന്ന ആവശ്യമാണ് 4-ാമതായി ധനകാര്യവകുപ്പ് മന്ത്രിയുടെ മുന്നിൽ അവതരിപ്പിച്ചത്.*

സഹകരണസംഘങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ആശുപത്രികൾക്ക് ഇൻകം ടാക്സ് ഒഴിവാക്കുന്നതിന് നിയപരമായ തടസങ്ങൾ ഇല്ല. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്നും മന്ത്രി ഉറപ്പു നൽകി.

ഈ 4 വിഷയങ്ങൾക്കുപരിയായി മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളെ കുറിച്ചുള്ള ഗൗരവമേറിയ വിഷയവും സംയോജിത സഹകരണ വികസന പദ്ധതിയുമായി (ഐ.സി.ഡി.പി) ബന്ധപ്പെട്ട രണ്ട് വിഷയങ്ങൾ കൂടി ബഹു. കേന്ദ്ര കൃഷി, സഹകരണവകുപ്പ് മന്ത്രി ശ്രീ. നരേന്ദ്രസിംഗ് തോമർ നു മുന്നിൽ കൊണ്ടു വന്നു.

*രാജ്യത്ത് മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങൾ 1285 എണ്ണമാണുള്ളത്. ഇതിൽ 20 എണ്ണം മാത്രമേ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളൂ. എന്നാൽ 100 ഓളം സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. വലിയ കമ്മിഷൻ വാഗ്ദാനം ചെയ്യുന്ന ഇവയിൽ ധാരാളം സാധാരണക്കാർ നിക്ഷേപം നടത്തുന്നുണ്ട്. ഈ വാഗ്ദാനം ചെയ്യുന്ന പലിശയും മുതലും തിരിച്ചു നൽകാത്തത് ശരിയായി പ്രവർത്തിക്കുന്ന കേരളത്തിലെ സഹകരണ മേഖലയുടെ കൂടി വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നു. ഇത് തടയുന്നതിന് നടപടി സ്വീകരിക്കണം.*

ഇക്കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിൽ നിയമഭേദഗതി ഉൾപ്പെടെ കൊണ്ടുവരേണ്ടതുണ്ടെങ്കിൽ അത് കൊണ്ടുവരും. ഇത് സംബന്ധിച്ച നിർദ്ദേശം കൂടിക്കാഴ്ചയിൽ വച്ചുതന്നെ മന്ത്രി ഉദ്യോഗസ്ഥർക്ക് നൽകി. ഈ വിഷയത്തിൽ ഫലപ്രദമായി ഇടപെടുമെന്നും മന്ത്രി ഉറപ്പ് നൽകി.

*സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി) കേന്ദ്ര ഏജൻസിയായി എൻ.സി.ഡി.സിയിൽ നിന്ന് ലോണായിട്ടാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ഇത് പലിശ സഹിതം സർക്കാർ തിരിച്ചടക്കുകയാണ് ചെയ്യുന്നത്. 12.75 ശതമാനമാണ് ഈയിനത്തിൽ നിലവിൽ സർക്കാർ നൽകേണ്ടിവരുന്നത്. ഇത് 8-9 ശതമാനമാക്കി കുറച്ചു നൽകണം. കൂടാതെ ഐ.സി.ഡി.പി പദ്ധതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിന്റെ സബ്സിഡി വിഹിതം വർദ്ധിപ്പിക്കണമെന്നുള്ള സംസ്ഥാനത്തിന്റെ മറ്റൊരു ആവശ്യവും അദ്ദേഹത്തിന്റെ മുന്നിൽ അവതരിപ്പിച്ചു.*





എൻ.സി.ഡി.സി വായ്പയുടെ പലിശനിരക്ക് വളരെ ഉയർന്നതാണെന്ന് മന്ത്രി നിരീക്ഷിച്ചു. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ എൻ.സി.ഡി.സിയുമായി ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഇൻകംടാക്സ്, നബാർഡിന്റെ കാർഷിക വായ്പയുടെ പുനർവായ്പ തുടങ്ങിയ വിഷയങ്ങളിലെ നിവേദനത്തെ സംബന്ധിച്ച അദ്ദേഹം അറിയിച്ചത് ഈ വിഷയം കേന്ദ്ര ധനവകുപ്പ് പരിഗണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കൃഷി സഹകരണ വകുപ്പിന്റെ ആവശ്യമായ ശിപാർശ ധനവകുപ്പിന് നൽകുമെന്നും അദ്ദേഹം അറിയിച്ചു. നബാർഡിന്റെ കാർഷിക വായ്പയുടെ പുനർവായ്പ വിഷയത്തിൽ നബാർഡ് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യും.

പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിന് പ്രത്യേകമായി ഉത്തരവ് ഇല്ലാതെ തന്നെ അതാത് സംസ്ഥാനങ്ങളിലെ എസ്.എൽ.ബി.സികൾക്ക് അധികാരമുണ്ട് എന്നാണ് അദ്ദേഹം അറിയിച്ചത്. ഇക്കാര്യത്തിൽ പ്രത്യേകമായ ഇടപെടലിന്റെ ആവശ്യമുണ്ടെങ്കിൽ അക്കാര്യം ധനവകുപ്പിന് ശിപാർശയായി നൽകും.

സഹകരണ ആശുപത്രി സംഘങ്ങളെ ഇൻകം ടാക്സ് (30%) നൽകുന്നതിൽ നിന്നും ഒഴിവാക്കണം എന്ന ആവശ്യത്തിൽ ധനവകുപ്പിന് ഇക്കാര്യത്തിൽ കൃഷി സഹകരണ മന്ത്രാലയം ശിപാർശ നൽകും.

## ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിനൊരുങ്ങി കേരളം

Department of Co-operation Kerala

ഒക്ടോബർ 11 മുതൽ 13 വരെ ഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന ആദ്യ ഇന്ത്യാ ഇന്റർനാഷണൽ സഹകരണ ട്രേഡ് ഫെയറിന് (IICTF 2019) സജ്ജമായി കേരളം.

**സഹകരണ വിപണനത്തിന് ഏറ്റവും നല്ല അവസരം!!**

സഹകരണമേഖലയിലെ 100 ലധികം ഉല്പന്നങ്ങൾ പ്രദർശനത്തിനും വില്പനയ്ക്കുമായി മേളയിലെത്തുന്നു.

### കേരളത്തിന്റെ പങ്കാളിത്തം

| | |
|---|---|
| ഫെഡറേഷനുകൾ | 7 |
| ഫെഡറൽ സൊസൈറ്റി | 2 |
| അപെക്സ് സൊസൈറ്റി | 1 |
| പ്രാഥമിക സംഘങ്ങൾ | 21 |